**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760** **22-01-2021 - ൽ മറുപടിയ്ക്ക്**

**പന്നിശല്യം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കൃഷിയിടങ്ങളിൽ പന്നിശല്യം തടയുന്നതിനായി പന്നികളെ കൊല്ലുന്നതിന് കർഷകർക്ക് പ്രതിഫലം നൽകുന്നുണ്ടോ; | (എ) | 18.05.2020 ലെ ജി.ഒ (ആർ.റ്റി) നം. 111/2020/വനം ഉത്തരവ് പ്രകാരം, കൃഷിയിടങ്ങളിൽ പന്നിശല്യം തടയുന്നതിന് പന്നികളെ കൊല്ലുന്നതിന് എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക്, കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക്, പന്നി ഒന്നിന് 1000/-രൂപ (ആയിരം രൂപാ മാത്രം) നിരക്കിൽ പ്രതിഫലം നൽകുന്നു. |
| (ബി) | പന്നി ശല്യം തടയുന്നത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമത്തിൽ ഇളവു തേടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടുപന്നികളെ ശല്യവനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 11 (1) (b) വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മടക്കുകയുണ്ടായി. ടി തീരുമാനം പുന:പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന് വീണ്ടും കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ